ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 03.10.2026 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. കന്നുകാലി വളർത്തൽ മേഖലയുടെ വികസനത്തിലൂടെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയ്ക്ക് പുതിയ ഉണർവ് നൽകുകയാണ് ലക്ഷ്യമെന്ന് കേന്ദ്ര മന്ത്രി അമിത് ഷാ.

   Government developing entire ecosystem based on cattle farming, giving push to rural economy, Says Union Cooperation Minister Amit Shah.

2. ആഗോള സമ്പദ്‌വ്യവസ്ഥയുടെ 80 ശതമാനത്തോളം പങ്കാളിത്തം ഉറപ്പിക്കാൻ കഴിയുന്ന തരത്തിൽ രാജ്യം സ്വതന്ത്ര വ്യാപാര ശൃംഖല ആവിഷ്കരിച്ച് വരികയാണെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ.

   Commerce Minister Piyush Goyal says India's free trade agreements to cover upto 80 percent of world economies.

3. ഹോർമുസ് കടലിടുക്കിൽ ആക്രമിക്കപ്പെട്ട കുവൈറ്റ് ടാങ്കറിലെ അഞ്ച് ഇന്ത്യക്കാരെ മോചിപ്പിക്കുന്ന ദൗത്യം പൂർണമെന്ന് ഒമാനിലെ ഇന്ത്യൻ എംബസി.

   The Embassy of India in Oman coordinated rescue of five Indian nationals on board the Kuwait-flagged tanker, struck by a projectile in the Strait of Hormuz.

4. കേരളത്തിലേക്ക് കൂടുതൽ വിദേശ നിക്ഷേപം ആകർഷിക്കുന്നതിന് പ്രമുഖ ആഗോള നഗരങ്ങളിൽ 'കേരള ഡെസ്കുകൾ' ആരംഭിക്കാൻ സംസ്ഥാന സർക്കാരിൻറെ അനുമതി.

State Government approves setting up 'Kerala Desks' in major global cities to attract more foreign investment to Keralam.

5. സംസ്ഥാനത്ത് ചിലയിടങ്ങളിൽ ചൊവ്വാഴ്ച വരെ ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. നാല് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത.

   India Meteorological Department forecasts thunderstorms and strong winds in some parts of Keralam till Tuesday. Yellow alert in four districts tomorrow.

6. ഏഷ്യൻ ഗെയിംസിൽ മികച്ച പ്രകടനം തുടർന്ന് ഇന്ത്യ. 21 സ്വർണ്ണം ഉൾപ്പെടെ ഇന്ത്യയുടെ ആകെ മെഡൽ നേട്ടം 85 ആയി. ഗെയിംസിന് നാളെ സമാപനം.

   India continues its impressive performance at the Asian Games. India's medal tally has reached 85, including 21 gold medals. The Games will conclude tomorrow.

*****************************************************

## VP-KAUTILYA CONCLAVE

സാമ്പത്തിക വളർച്ചയ്ക്ക് സാമൂഹിക പങ്കാളിത്തം അത്യന്താപേക്ഷിതമാണെന്ന് ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ. ന്യൂഡൽഹിയിൽ നടന്ന അഞ്ചാമത് 'കൗടില്യ സാമ്പത്തിക ഉച്ചകോടി' ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് ജനാധിപത്യവും വികസനവും ഒരുമിച്ച് മുന്നേറണമെന്ന് ചൂണ്ടിക്കാണിച്ച അദ്ദേഹം, 2047-ഓടെ 'വികസിത ഭാരതം' കെട്ടിപ്പടുക്കാൻ കൂട്ടായ പരിശ്രമം വേണമെന്നും വ്യക്തമാക്കി.

****************************

## GOYAL ECONOMY

ആഗോള സമ്പദ്‌വ്യവസ്ഥയുടെ 80 ശതമാനത്തോളം പങ്കാളിത്തം ഉറപ്പിക്കാൻ കഴിയുന്ന തരത്തിൽ രാജ്യം സ്വതന്ത്ര വ്യാപാര ശൃംഖല ആവിഷ്കരിച്ച് വരികയാണെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ. ചിക്കാഗോയിൽ യു എസ് ഇന്ത്യൻ ഫൗണ്ടേഷൻ സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മറ്റു രാജ്യങ്ങളുമായുള്ള വ്യാപാരബന്ധം വികസിക്കുന്നതോടെ ഇന്ത്യൻ

കമ്പനികൾക്കു അന്താരാഷ്ട്ര വിപണിയിൽ സ്വാധീനം ചെലുത്താൻ കഴിയും. കഴിഞ്ഞ നാലര വർഷത്തിൽ 31 ഓളം വികസിത,വികസ്വരരാജ്യങ്ങളുമായി സ്വതന്ത്രവ്യാപാര കരാറിലേർപ്പെടാൻ ധാരണയായതായും ശ്രീ. ഗോയൽ വ്യക്തമാക്കി.

******************************

## AMIT SHAH (INTRO)

കന്നുകാലി വളർത്തൽ മേഖലയുടെ വികസനത്തിലൂടെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയ്ക്ക് പുതിയ ഉണർവ് നൽകുകയാണ് ലക്ഷ്യമെന്ന് കേന്ദ്ര മന്ത്രി അമിത് ഷാ. ഭോപ്പാലിൽ നടന്ന സംസ്ഥാനതല ഗോപാലക സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സഹകരണ മന്ത്രാലയം രൂപീകരിച്ചതിന്റെ ഏറ്റവും വലിയ ഗുണഭോക്താക്കളിൽ കന്നുകാലി കർഷകരും ഉൾപ്പെടുമെന്ന് ശ്രീ അമിത് ഷാ പറഞ്ഞു.

(വോയിസ്)

******************************

## SEVA SANKALP – CENTRAL VISTA

പ്രധാനമന്ത്രി നരേന്ദ്രമോദി, പൊതുസേവന രംഗത്ത് 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. ന്യൂഡൽഹിയിലെ 'സെൻട്രൽ വിസ്ത പുനർവികസന പദ്ധതി'യെക്കുറിച്ചാണ്, ജനസേവനത്തിലൂടെ രാഷ്ട്രസേവനം എന്ന പ്രത്യേക പരമ്പരയിൽ ഇന്ന്. പുതിയ പാർലമെന്റ് മന്ദിരം, കർത്തവ്യ പഥ്, സെൻട്രൽ സെക്രട്ടേറിയറ്റ് എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഭരണനിർവ്വഹണ കാര്യക്ഷമത വർദ്ധിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

******************************

## Nirmala Sitharaman @ Kautilya economic conclave

അടിസ്ഥാന സൗകര്യ വികസനം, നിക്ഷേപം തുടങ്ങിയ മേഖലകളിൽ നിരന്തര പരിഷ്കാരങ്ങൾ പ്രാവർത്തികമാക്കിയതിലൂടെ പ്രതിസന്ധികളെ അതിജീവിക്കാനുള്ള ഇന്ത്യയുടെ ശേഷി വർദ്ധിപ്പിക്കാൻ സാധിച്ചതായി കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. ന്യൂഡൽഹിയിൽ അഞ്ചാമത് കൗടില്യ ഇക്കണോമിക് കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു

കേന്ദ്രമന്ത്രി. ജിഎസ്ടി, പാപ്പരത്ത നിയമം, തൊഴിൽ നിയമങ്ങൾ എന്നിവയിലൂടെ കേന്ദ്ര സർക്കാർ ദേശീയ ചട്ടക്കൂടുകൾ ശക്തിപ്പെടുത്തിയതായി ശ്രീമതി.നിർമ്മല സീതാരാമൻ വ്യക്തമാക്കി.

****************************

## UAE FLYDUBAI INVESTIGATION

ഫ്ലൈദുബായ് വിമാനത്തിൽ, കോ-പൈലറ്റ് ഭീകരപ്രവർത്തനം നടത്താൻ ശ്രമിച്ചതായി അന്വേഷണത്തിൽ കണ്ടെത്തിയെന്ന് യുഎഇ അറ്റോർണി ജനറൽ. വിമാനം പറക്കുന്നതിനിടെ, ഫ്ലൈറ്റ് ഡെക്കിനുള്ളിൽ വെച്ച് അടിയന്തര സാഹചര്യങ്ങളിൽ ഉപയോഗിക്കുന്ന 'ക്രാഷ് ആക്സ്' ഉപയോഗിച്ച് കോപൈലറ്റ്, ക്യാപ്റ്റനെ ആക്രമിക്കുകയും വിമാനത്തിന്റെ നിയന്ത്രണം ഏറ്റെടുക്കാൻ ശ്രമിച്ചെന്നും എമിറേറ്റ്സ് ന്യൂസ് ഏജൻസി റിപ്പോർട്ട് ചെയ്യു. സാങ്കേതിക പരിശോധനകളും ഡിജിറ്റൽ തെളിവുകളുടെ വിശകലനവും പൂർത്തിയാക്കിയ ശേഷം അന്തിമ വിവരങ്ങൾ അറിയിക്കുമെന്നും അറ്റോർണി ജനറൽ വ്യക്തമാക്കി.

****************************

## MEA – OMAN

ഹോർമുസ് കടലിടുക്കിൽ ആക്രമിക്കപ്പെട്ട എം ടി കാസിമ 3 കുവൈറ്റ് ടാങ്കറിലുണ്ടായിരുന്ന അഞ്ച് ഇന്ത്യക്കാരെ മോചിപ്പിക്കുന്ന ദൗത്യം പൂർത്തീകരിച്ചതായി ഒമാനിലെ ഇന്ത്യൻ എംബസി അറിയിച്ചു. ദൗത്യത്തിൽ സഹായിച്ച ഒമാൻ ഭരണകൂടത്തിന് നന്ദി അറിയിച്ച എംബസി, ഇന്ത്യൻ നാവികരുടെ സുരക്ഷയും ക്ഷേമവും തങ്ങളുടെ കടമയാണെന്നും വ്യക്തമാക്കി.

****************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കി ബാത്ത്' ഇന്ന് 12 വർഷം പൂർത്തിയാക്കി. 2014-ൽ വിജയദശമി ദിനത്തിലാണ് പരിപാടിയുടെ ആദ്യ എപ്പിസോഡ് പ്രക്ഷേപണം ചെയ്യുത്.

****************************

## AIR FORCE DAY

94-ാമത് ഇന്ത്യൻ വ്യോമസേനാ ദിനം ഈ മാസം 8-ന്. ദിനാഘോഷങ്ങളുടെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ സംഘടിപ്പിക്കും. ഉത്തർപ്രദേശിലെ ഹിൻഡോൺ വ്യോമസേനാ താവളത്തിൽ നടക്കുന്ന പരേഡിൽ വ്യോമസേനാ മേധാവി എയർ ചീഫ് മാർഷൽ എ.പി. സിംഗ് അഭിവാദ്യം സ്വീകരിക്കും. യുദ്ധവിമാനങ്ങൾ, ഹെലികോപ്റ്ററുകൾ, റഡാറുകൾ, ഒറ്റത്തവണ ആക്രമണത്തിനുള്ള ആളില്ലാ വ്യോമ സംവിധാനങ്ങൾ എന്നിവയുടെ പ്രദർശനവും ഒരുക്കും.

*****************************

## ASIAN GAMES (INTRO)

ഏഷ്യൻ ഗെയിംസിൽ ഇന്ത്യ മുന്നേറ്റം തുടരുന്നു.

21 സ്വർണമുൾപ്പെടെ 85 മെഡലുകളുമായി പോയിന്റ് പട്ടികയിൽ ഇന്ത്യ നാലാം സ്ഥാനത്താണ്.

ഒരു റിപ്പോർട്ട്...

**(VOICE)**

ഏഷ്യൻ ഗെയിംസിലെ ഇന്നത്തെ മത്സരങ്ങളിൽ ഗോൾഫ് വനിതാ വിഭാഗത്തിൽ പ്രണവി ഉർസ് സ്വർണ്ണം നേടി. ഗോൾഫ് ടീം ഇനത്തിൽ പ്രണവി, അതിഥി, ദിക്ഷ എന്നിവരടങ്ങിയ ഇന്ത്യൻ സംഘം വെള്ളിയും കരസ്ഥമാക്കി. അമ്പെയ്ത്തിൽ വനിതകളുടെ വ്യക്തിഗത റിക്കർവ് ഇനത്തിൽ കുങ്കും മോഹോഡ് സ്വർണവും, പുരുഷ വിഭാഗത്തിൽ നീരജ് ചൗഹാൻ വെങ്കലവും നേടി. പുരുഷ 20-20 ക്രിക്കറ്റിൽ പാകിസ്ഥാനെ 19 റൺസിനു പരിചയപ്പെടുത്തിയാണ് ഇന്ത്യ സ്വർണം സ്വന്തമാക്കിയത്. 212 റൺസ് വിജയലക്ഷ്യം പിന്തുടർന്ന പാകിസ്ഥാന് നിശ്ചിത 20 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 196 റൺസ് മാത്രമേ നേടാനായുള്ളൂ. 57 കിലോഗ്രാം ഫ്രീസ്റ്റയിൽ ഗുസ്തിയിൽ കൊറിയൻ താരത്തെ പരാജയപ്പെടുത്തി ഇന്ത്യയുടെ അമൻ സെഹ്റാവത് സ്വർണം നേടി. വനിതകളുടെ ഗുസ്തിയിൽ 53 കിലോഗ്രാം വിഭാഗത്തിൽ ANTHIM പങ്കൽ വെള്ളി നേടിയപ്പോൾ 97 കിലോഗ്രാം വിഭാഗത്തിൽ ദീപക് പൂനിയ വെങ്കലം കരസ്ഥമാക്കി. പുരുഷ ഹോക്കിയിൽ മലേഷ്യയെ ഒന്നിനെതിരെ അഞ്ചു ഗോളുകൾക്ക്

തോൽപിച്ച് ഇന്ത്യ സ്വർണം നേടി. മെഡൽ ജേതാക്കളെ രാഷ്ട്രപതി ഉൾപ്പെടെയുള്ള പ്രമുഖർ അനുമോദിച്ചു. ഗെയിംസിൻറെ നാളത്തെ സമാപനച്ചടങ്ങിൽ ട്രാപ്പ് ഷൂട്ടർ നീരു ധണ്ഡ ഇന്ത്യയുടെ പതാക വാഹകയാകും.

**ന്യൂസ്ഡെസ്ക് ആകാശവാണി.......**

**************************

## CRICKET

ഇന്ത്യ -വെസ്റ്റ് ഇൻഡീസ് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ഇന്ത്യക്കെതിരെ വെസ്റ്റ് ഇൻഡീസിന് 352 റൺ വിജയ ലക്ഷ്യം. മൂന്ന് മത്സര പരമ്പരയിൽ രണ്ട് മത്സരങ്ങൾ ജയിച്ച് ഇന്ത്യ നേരത്തെ പരമ്പര സ്വന്തമാക്കിയിരുന്നു.

**************************

## Foreign investment – keralam

വിദേശ നിക്ഷേപങ്ങൾ കേരളത്തിലേക്ക് കൂടുതൽ ആകർഷിക്കുന്നതിന് പ്രമുഖ ആഗോള നഗരങ്ങളിൽ 'കേരള ഡെസ്കുകൾ' ആരംഭിക്കാൻ സംസ്ഥാന സർക്കാർ അനുമതി നൽകി. വ്യവസായ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ദുബായ്, ലണ്ടൻ, ന്യൂയോർക്ക്, സിംഗപ്പൂർ, ടോക്യോ എന്നീ അഞ്ച് നഗരങ്ങളിലാണ് ആദ്യഘട്ടത്തിൽ ഡെസ്കുകൾ പ്രവർത്തിക്കുക. പ്രവാസി സമൂഹത്തിൽ നിന്നുള്ള പിന്തുണ നിക്ഷേപ അധിഷ്ഠിത വളർച്ചയിലേക്ക് വഴികാട്ടുകയാണ് പ്രധാന ലക്ഷ്യം. സംസ്ഥാന സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാധ്യതയും ഉണ്ടാക്കാത്ത രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

**************************

## CM – KERALA

കേരളത്തെ പ്രമുഖ 'ഹെൽത്ത് ഡെസ്റ്റിനേഷൻ' ആക്കി മാറ്റുകയാണ് ലക്ഷ്യമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. കേരള ഹാർട്ട് കെയർ സൊസൈറ്റിയുടെ സിൽവർ ജൂബിലി ആഘോഷം കോഴിക്കോട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കോവിഡാനന്തരം സംസ്ഥാനത്ത് മരണനിരക്ക് ഉയരുന്ന സാഹചര്യത്തിൽ, ഓരോ മരണത്തിന്റെയും കൃത്യമായ കാരണം

കണ്ടെത്തുന്നതിന് ഹെൽത്ത് ഡാറ്റ ശേഖരിക്കേണ്ടത് അത്യാവശ്യമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

****************************

## WEATHER KERALA

കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ചൊവ്വാഴ്ച വരെ, ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും, സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. നാളെ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ മഞ്ഞ ജാഗ്രത നിർദ്ദേശം നൽകി.

****************************

## BINDU KRISHNA

സംസ്ഥാനത്ത് പൊതുവിടങ്ങളിൽ സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീനുകളും, ഇൻസിനറേറ്ററുകളും സ്ഥാപിക്കുന്ന പദ്ധതിയുടെ ഉദ്ഘാടനം ചൊവ്വാഴ്ച, തിരുവനന്തപുരത്ത് മന്ത്രി ബിന്ദു കൃഷ്ണ നിർവഹിക്കും. യാത്രാവേളകളിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കും കുറഞ്ഞ നിരക്കിൽ സാനിറ്ററി നാപ്കിനുകൾ ലഭ്യമാക്കുകയും, ഉപയോഗത്തിന് ശേഷം പരിസ്ഥിതി സൗഹൃദമായി സംസ്കരിക്കുന്നതിനുള്ള സൗകര്യവുമാണ് പദ്ധതിയുടെ ലക്ഷ്യം.

****************************

## GOLD RATE

സ്വർണ്ണവില കുറഞ്ഞു. പവന് 800 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 9,400 രൂപയും, ഗ്രാമിന് 13,675 രൂപയുമാണ് ഇന്നത്തെ വില.

****************************

## DELHI-BNSS 163

പൊതുസുരക്ഷ, ക്രമസമാധാനം, സുഗമമായ ഗതാഗതം എന്നിവ ഉറപ്പാക്കുന്നതിനായി ന്യൂഡൽഹിയിൽ 'ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, 2023'-ലെ സെക്ഷൻ 163 നിലവിലുണ്ടെന്ന് ഡൽഹി പോലീസ്. അനധികൃത ഒത്തുചേരലുകൾ, പൊതുപ്രസംഗങ്ങൾ, പ്രകടനങ്ങൾ, ധർണ്ണകൾ തുടങ്ങിയവ നിരോധിച്ചുകൊണ്ട് ഡിസിപി പൊതു അറിയിപ്പ് പുറപ്പെടുവിച്ചു. ഇന്ന് നടത്താൻ നിശ്ചയിച്ചിട്ടുള്ള ഒരു പ്രതിഷേധ പരിപാടിക്കും അനുമതി നൽകിയിട്ടില്ലെന്നും പോലീസ് വ്യക്തമാക്കി.

****************************

## E-AUCTION OF GIFTS

പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ലഭിച്ച സമ്മാനങ്ങളുടെ ഇ-ലേലത്തിനുള്ള തീയതി ഈ മാസം 31 വരെ നീട്ടി. ലേലത്തിലൂടെ ലഭിക്കുന്ന തുക 'നമാമി ഗംഗ' പദ്ധതിയിലേക്ക് വിനിയോഗിക്കുന്നതിലൂടെ ഈ സമ്മാനങ്ങൾക്ക് സാമൂഹിക ലക്ഷ്യം കൂടി കൈവരുമെന്ന് സാംസ്കാരിക മന്ത്രാലയം വ്യക്തമാക്കി. കൂടുതൽ വിവരങ്ങൾ PMMEMENTOS.GOV.IN ൽ ലഭ്യമാകും.

****** **** ****** *** ****** ****** *******

****** ****** *********** ******* ********** ****** *******